


## വിചിന്തനം

മെയ് 2023

പന്തക്കുസ്താ തിരുനാളിനൊരുങ്ങുന്ന ഈ വേളയിൽ ഒരുമിച്ചായിരിക്കുക എന്നതിന്റെ സാധ്യതയും ശക്തിയും  ആഴത്തിൽ മനസ്സിലാക്കാൻ ഈ വചനഭാഗം നമ്മെ ക്ഷണിക്കുകയാണ്. കർത്താവിന്റെ കൽപനയനുസരിച്ച് ശിഷ്യരെല്ലാവരും ജറുസലേം നഗരത്തിൽ ഒരുമിച്ചിരിക്കുകയായിരുന്നു. ഉന്നതത്തിൽനിന്നുള്ള ശക്തി സ്വീകരിക്കുന്നതുവരെ അവർ നഗരത്തിൽ, ആ കൂട്ടായ്മയിൽ തന്നെ തുടർന്നു ( ലൂക്ക 24, 49). കൃപയും അനുസരണയും ഒന്നുചേരുമ്പോഴാണ് അത്ഭുതങ്ങൾ സംഭവിക്കുന്നത്. പന്തക്കുസ്ത അനിർവചനീയമായ ഒരത്ഭുതമായിരുന്നു. അത് സഭയ്ക്കു ജൻമം നൽകി. ശിഷ്യസമൂഹത്തെ ധീരരായ ക്രിസ്തുസാക്ഷികളാക്കി മാറ്റി. ഇതു സാധ്യമാക്കുവാൻ പരിശുദ്ധാത്മാവിന്റെ അഗ്നിമാത്രം പോരാ, ശിഷ്യഗണം ഒരുമിച്ചായിരിക്കുക കൂടി വേണം എന്ന വ്യവസ്ഥയിലേക്ക് ഈ വചനം വിരൽചൂണ്ടുന്നു.

തിരുവചനങ്ങളിലൂടെ ശ്രദ്ധാപൂർവം കടന്നുപോകുമ്പോൾ നാം കണ്ടെത്തുന്ന ഒരു വസ്തുതയുണ്ട്.  കർത്താവ് നമ്മെ ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കും നയിച്ചുകൊണ്ടേയിരിക്കുന്നുവെന്നതാണത്. നമ്മളെല്ലാവരും ഒരുമിച്ചായിരിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ദൈവം നമ്മെ സൃഷ്ടിച്ചതു തന്നെ അവിടുത്തെ ജീവൻ സ്നേഹത്തിന്റെ കൂട്ടായ്മയിൽ പങ്കുവയ്ക്കാൻവേണ്ടിയാണ്.  ‘‘നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം’’  (ഉൽപ 1,26). യേശുവിന്റെ ജ്ഞാനസ്നാന സമയത്ത് വെളിപ്പെടുന്നത് ത്രിത്വത്തിന്റെ ഐക്യമാണ് (മത്താ 3, 16, 17). വിവാഹത്തിൽ ഭാര്യയെയും ഭർത്താവിനെയും ദൈവം വിളിക്കുന്നത് വേർപിരിക്കാനാകാത്തവിധം ഒറ്റ ശരീരമാകാനാണ് (മത്താ 19,6). വ്യവസ്ഥകളില്ലാതെ ക്ഷമിക്കണമെന്നു കൽപിച്ചതിലൂടെയും (മത്താ 18,22) സ്വർഗ്ഗസ്ഥനായ ‘ഞങ്ങളുടെ’ പിതാവേ എന്നു വിളിക്കാൻ പഠിപ്പിച്ചതിലൂടെയും  (മത്താ 6, 9) ക്രിസ്തു നമ്മുടെ കൂട്ടായ്മാവബോധത്തെ ഊട്ടിയുറപ്പിക്കുകയാണ്. ദൈവസാന്നിധ്യത്തിനും ദൈവീക പ്രവൃത്തികൾക്കും ഏറ്റവും മികച്ച വിളനിലം മനുഷ്യർ തമ്മിലുള്ള ഐക്യമാണ് (മത്താ 18,20). ‘‘സഹോദരർ ഏകമനസ്സായി ഒരുമിച്ചുവസിക്കുന്നത് എത്രവിശിഷ്ടവും സന്തോഷപ്രദവുമാണ്’’ (സങ്കീ 133, 1).

ഉത്ഥാനംചെയ്ത യേശു പ്രത്യക്ഷപ്പെട്ടപ്പോൾ ശിഷ്യൻമാർ ഒരുമിച്ചായിരുന്നു. അപ്പോൾ അവൻ അവരുടേമേൽ പരിശുദ്ധാത്മാവിനെ നിശ്വസിച്ചു (യോഹ 20, 1923). പന്തക്കുസ്താ ദിനത്തിൽ പിതാവിന്റെ വാഗ്ദാനം സ്വീകരിക്കുമ്പോഴും അവരെല്ലാവരും ഒരു സ്ഥലത്ത് ഒരുമിച്ചായിരുന്നു. സിനഡാത്മകത അല്ലെങ്കിൽ ഒരുമിച്ചായിരിക്കുക എന്നത് വിശ്വാസികളുടെ ജീവിതശൈലിയാണ്. (അപ്പ 2, 44, 47). ദൈവജനത്തിന്റെ ഈ കൂട്ടായ്മയാണ് പന്തക്കുസ്ത സാധ്യമാക്കുന്നത്. അതേ സമയം, പന്തക്കുസ്ത വിശ്വാസികളുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. സഭാത്മക മുന്നേറ്റങ്ങളെ ബെനഡിക്ട് മാർപാപ്പ വിളിക്കുന്നത്  ദൈവത്തിന്റെ കുടുംബത്തിന് ഒരുമിച്ചുവാഴാൻ അനുയോജ്യമായ ഭവനങ്ങളെന്നാണ്. ഈ ഒത്തൊരുമയിൽ വളരുന്ന നമ്മുടെ ജീസസ് യൂത്ത് കൂട്ടായ്മകൾ പരിശുദ്ധാത്മാവിന്റെ വെളിച്ചം എല്ലാവരിലേക്കുമെത്തിക്കുന്ന വഴിവിളക്കുകളാകും. നമ്മിൽ പലരെയും ഈ മുന്നേറ്റത്തിലേക്ക് ആകർഷിച്ചത് ഈ മനോഹാരിതയാണ്. എന്നാൽ ഫ്രാൻസിസ് മാർപാപ്പ അടുത്തിടെ പറഞ്ഞതുപോലെ ’’ ഈ ഐക്യം  എല്ലാവരും ഒരുപോലെയാകുന്നതോ വ്യക്തിപരമായ അനന്യതകളില്ലാതാകുന്നതോ അല്ല. ഈ ഐക്യം , പ്രത്യേകിച്ച് നാം പുതിയ സംസ്കാരങ്ങളിലേക്കും തലമുറകളിലേക്കും കടന്നുചെല്ലുമ്പോൾ ജനതകളുടെയും സംസ്കാരങ്ങളുടെയും അനന്യതകളെയും പ്രത്യേകതകളെയും വിലമതിക്കുന്നതും ബഹുമാനിക്കുന്നതുമാകണം.

മുന്നേറ്റം വളരുകയും കൂടുതൽ മേഖലകളിലേക്കു വ്യാപിക്കുകയും ചെയ്യുമ്പോൾ നമ്മുടെ കൂട്ടായ്മ അനുഭവത്തിനു മങ്ങലേൽക്കാനുള്ള സാധ്യതയുണ്ട്. നമ്മുടെ ലക്ഷ്യം നന്മയാണെങ്കിലും നാം ദൈവാശ്രയത്വം കൈവെടിഞ്ഞു സ്വന്തം കഴിവുകളിലും അനുഭവസമ്പത്തിലും ആശ്രയിക്കാൻ തുടങ്ങും. ഒരുമിച്ചുള്ള യാത്രയിൽനിന്നു വഴുതിമാറി സ്വന്തംവഴികളിലൂടെ നീങ്ങാനാരംഭിക്കും. ഷീനാറിലെ സമതലപ്രദേശം ഇന്നും നമ്മെ പ്രലോഭിപ്പിക്കുമെന്നത്  (ഉൽപ 11) ഒരു യാഥാർഥ്യമാണ്. നമ്മുടെ തന്നെ കഴിവിനാൽ സ്വർഗത്തിലെത്താം എന്നുവരെ നാം ചിന്തിച്ചുപോയേക്കാം. ഒരുനഗരവും ആകാശംമുട്ടെയുള്ള ഗോപുരവും നിർമിച്ച് നമ്മുടെ നാമം ശാശ്വതമാക്കാമെന്ന ( ഉൽപ 11, 4) സ്വപ്നവും നാം കണ്ടേക്കാം. എന്നാൽ സഹോദരങ്ങളോടുള്ള യഥാർഥ സ്നേഹവും പരിഗണനയുമില്ലാത്ത, ദൈവമഹത്വം തേടാത്ത നമ്മുടെ ഒരു പരിശ്രമവും ഫലംകാണില്ല. ചില പരാജയങ്ങളിലൂടെയും തകർച്ചകളിലൂടെയും നമ്മുടെ അഹങ്കാര ഗോപുരങ്ങളെ തകർക്കുന്ന ദൈവത്തിന്റെ കരുണയ്ക്ക് നാം നന്ദി പറയണം.

പന്തക്കുസ്തയുടെ രണ്ട് ദൃശ്യ അടയാളങ്ങളായ നാവ്, ഭാഷണം എന്നിവയെക്കുറിച്ചും നമുക്ക് അൽപം ചിന്തിക്കാം (അപ്പ 2, 34). അഗ്നിജ്വലിക്കുന്ന നാവും ഭാഷണവും വളരെ ശക്തമാണ്. അത് ഹൃദയങ്ങളെ മുറിപ്പെടുത്തുകയും സുഖപ്പെടുത്തുകയും ചെയ്യും. ഈ തീ എവിടെനിന്നു വരുന്നുവെന്നതാണു പ്രധാനം. കാരണം, ‘‘ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത് ’’ (ലൂക്ക 6, 45).     ഈ പന്തക്കുസ്തയിൽ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും സ്ഥിരീകരിക്കുകയും അനുഗ്രഹിക്കുകയും പടുത്തുയർത്തുകയും ചെയ്യുന്ന ഒരു പുതിയ നാവിനായും ഭാഷണത്തിനായും നമുക്കാഗ്രഹിക്കാം. ഇത് നമ്മുടെ ജീവിതത്തിൽ സംഭവിക്കണമെങ്കിൽ കൃപയും അനുസരണയും ഒരുമിക്കണം. പന്തക്കുസ്ത ഒരുക്കുന്നത് ദൈവമാണ്. എന്നാൽ അവന്റെ ഈ സ്നേഹപ്രവാഹത്തിനോട് പ്രത്യുത്തരിക്കാൻ ഒരുക്കത്തോടെ നാം കാത്തിരിക്കണം. നാം ജറുസലേമിൽ ഒരുമിച്ചായിരിക്കണം. പരിശുദ്ധ കന്യകാമറിയത്തിന്റെ സഹായവും സാന്നിധ്യവും നാം ഉറപ്പുവരുത്തണം. അങ്ങനെ വിനീതഹൃദയരായി പരസ്പര സ്നേഹത്തോടെ നാം കാത്തിരിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും ആത്മാവിന്റെ വലിയ ചലനമുണ്ടാകും. പുതുവീഞ്ഞിന്റെ ലഹരിപോലെ അതു നമ്മെ പൊതിയും. നാം പുതിയ അഭിഷേകം സ്വീകരിക്കും. ലോകത്തിനുമുൻപിൽ നാം ക്രിസ്തുവിന്റെ ജ്വലിക്കുന്ന സാക്ഷികളാകുകയും ചെയ്യും.

---------------------------------------------------------------------------------

ജോസ് ജേക്കബ് അമേരിക്കയുടെ നാഷണൽ ഫോർമേഷൻ ടീം കോർഡിനേറ്റർ ആണ്.  ഒരു ഐടി പ്രൊഫഷണലായ അദ്ദേഹം ഭാര്യയും നാലുമക്കളുമായി  ചിക്കാഗോയിൽ താമസിക്കുന്നു.